I/170563/2024

**<u>ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**

ഹാജർ: ആസിഫ് കെ യൂസഫ് IAS

ക്ഷീരവികസന വകുപ്പ് - ജീവനക്കാര്യം - ശ്രീ. അബ്ദുല് ലത്തീഫ്, ക്ഷീര വികസന ഓഫീസർ - ശൂന്യവേതനാവധിക്ക് ശേഷം ജോലിയിൽ തിരികെ പ്രവേശിക്കാത്തതിനാലും, പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ലാത്തതിനാലും ടിയാന്റെ പ്രൊബേഷൻ Terminate ചെയ്യുവാനും ടിയാനെ സർക്കാർ സർവീസിൽ നിന്നും Discharge ചെയ്യുവാനും താല്ക്കാലികമായി തീരുമാനിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ക്ഷീരവികസന വകുപ്പ്

നം. DDDKER/5009/2021-ES2 തിരുവനന്തപുരം,തീയതി: 09-05-2024

---

പരാമർശം:-

1. ഈ ഓഫീസിൽ നിന്നുമുള്ള 18.04.2022 ലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
2. 25.11.2023 ലെ ഡി1/157/2022-ഡിഡി നമ്പർ സർക്കാർ കത്ത്.
3. 21.01.2024 ലെ DDDKER/248/2024-ES1 നമ്പർ ഉത്തരവ്.
4. ഈ ഓഫീസിൽ നിന്നുമുള്ള 13.03.2024 ലെ ഇതേ നമ്പർ നോട്ടീസ്.
5. 01.04.2024 ലെ ഇ-മെയിൽ സന്ദേശം.
6. ഈ ഓഫീസിൽ നിന്നുമുള്ള 04.04.2024 ലെ ഇതേ നമ്പർ നോട്ടീസ്.

**<u>ഉത്തരവ്</u>**

ക്ഷീര വികസന വകുപ്പിൽ മലപ്പുറം, വേങ്ങര ക്ഷീര വികസന ഓഫീസർ ആയിരുന്ന ശ്രീ അബ്ദുൽ ലത്തീഫിന് KSR PART I Appendix XII A പ്രകാരം തുടർച്ചയായി 15 വർഷത്തെ ശൂന്യവേതനാവധി അനുവദിച്ചിരുന്നു. എന്നാൽ അവധി കഴിഞ്ഞ് 14.03.2018 ന് തിരികെ ജോലിയിൽ പ്രവേശിക്കേണ്ടിയിരുന്ന ടിയാൻ നിശ്ചിത സമയത്തിനുള്ളിൽ സർവ്വീസിൽ പ്രവേശിക്കുകയോ മറ്റ് അപേക്ഷകൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ അച്ചടക്ക നടപടികൾ സ്വീകരിക്കുമെന്നറിയിച്ചുകൊണ്ട് മേൽ പരാമർശം(1) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ആയതിന് മറുപടിയായി ക്ഷീര വികസന വകുപ്പില് തിരികെ പ്രവേശിക്കുന്നതിന് അനുമതി നൽകണമെന്ന് അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ മേൽ നടപടികൾക്കായി സർക്കാരിൽ സമർപ്പിച്ചിരുന്നു.

അവധി കാലാവധി കഴിഞ്ഞ് സർവ്വീസിൽ തിരികെ പ്രവേശിക്കാതെ അനധികൃതമായി അവധിയിൽ തുടർന്ന ശ്രീ അബ്ദുൽ ലത്തീഫ് ന് എതിരെ KSR Part I, അനുബന്ധം XII-A ചട്ടം 9 പ്രകാരം അച്ചടക്ക നടപടികൾ സമയ ബന്ധിതമായി പൂർത്തിയാക്കേണ്ടതാണ് എന്നും MDP ലെ Para 53(6) പ്രകാരം അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന ഒരു ജീവനക്കാരൻ തിരികെ ജോലിയിൽ പ്രവേശിക്കാൻ സന്നദ്ധനാകുന്നുവെങ്കിൽ ടിയാനെ സർവ്വീസിൽ നിന്ന് നീക്കം ചെയ്യുകയോ ടിയാനെ അച്ചടക്ക നടപടിക്ക് വിധേയമായി സസ്പെൻഡ് ചെയ്യപ്പെടുകയോ അല്ലെങ്കിൽ സസ്പെൻഡ് ചെയ്യുവാൻ

ഉദ്ദേശിക്കുകയോ ചെയ്യാത്ത പക്ഷം ടിയാന്റെ സർവ്വീസിലേക്കുള്ള പുന:പ്രവേശം നിരാകരിക്കാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ അച്ചടക്ക നടപടിയുടെ തീർപ്പാക്കലിന് വിധേയമായി അപേക്ഷകനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുന്നത് സംബന്ധിച്ച നിയമനാധികാരിക്ക് ഉചിതമായ തീരുമാനം എടുക്കാവുന്നതാണ് എന്ന് മേൽ പരാമർശം(2) പ്രകാരം സർക്കാർ നിർദ്ദേശം ലഭിച്ചിരുന്നു.

പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ.അബ്ദുൽ ലത്തീഫിനെ അച്ചടക്ക നടപടിക്ക് വിധേയമായി വകുപ്പിൽ തിരികെ പ്രവേശിക്കുന്നതിന് അനുമതി നൽകികൊണ്ട് പരാമർശം(3) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തിരികെ സേവനത്തിൽ പ്രവേശിക്കുന്നതിനായുള്ള നിയമന ഉത്തരവ് കൈപ്പറ്റിയെന്നും എന്നാൽ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് സാധിക്കുകയില്ലായെന്നും സേവനത്തിൽ നിന്നും നീക്കം ചെയ്യണമെന്നും അറിയിച്ച് കൊണ്ട് ടിയാൻ ഇ-മെയിൽ അയച്ചുനൽകിയിരിക്കുന്നു.

വിഷയം വിശദമായി പരിശോധിച്ചതിൽ ശ്രീ.അബ്ദുൽ ലത്തീഫിന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ലാത്തതാണെന്ന് വ്യക്തമായി. ആയതിനാൽ ടിയാന്റെ ഭാഗത്ത് നിന്നുണ്ടായ ഇത്തരം പ്രവർത്തികളുടെ അടിസ്ഥാനത്തിൽ KS&SSR പാർട്ട് II, റൂൾ 19 (a) (ii) പ്രകാരം ടിയാന്റെ പ്രൊബേഷൻ Terminate ചെയ്യുവാനും ടിയാനെ സർവീസിൽ നിന്നും Discharge ചെയ്യുവാനും തീരുമാനിച്ചിരിക്കുന്നു എന്നറിയിച്ചുകൊണ്ട് മേൽ പരാമർശം(4) പ്രകാരം നോട്ടീസ് (ഇമെയിലും രജിസ്റ്റേർഡ് കത്തും) അയച്ചു നൽകിയിരുന്നു. ആയത് കൈപറ്റിയിട്ടുണ്ട് എന്ന് ടിയാൻ പരാമർശം(5) പ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി നോട്ടീസിനു മറുപടി ലഭ്യമായിരുന്നില്ല.

തുടർ നടപടിയുടെ ഭാഗമായി ശ്രീ അബ്ദുൽ ലത്തീഫിനെ നേരിൽ കേൾക്കാൻ തീരുമാനിക്കുകയും 19.04.2024 ന് ഓഫീസിൽ ഹാജരാകുവാൻ അറിയിച്ച് കൊണ്ട് മേൽ പരാമർശം(6) പ്രകാരം നോട്ടീസ് നൽകിയിരുന്നു. എന്നാൽ ആ നോട്ടീസ് വിതരണം ചെയ്യപ്പെടാതെ ' Addressee Out of India ' എന്ന പുറത്തെഴുത്തു സഹിതം പോസ്റ്റൽ അധികാരികൾ ഡിപ്പാർട്ട്മെന്റിലേയ്ക്ക് മടക്കി.

മേൽ സാഹചര്യത്തിൽ ശ്രീ അബ്ദുൽ ലത്തീഫിന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ലാത്തതിനാലും ടിയാന്റെ ഭാഗത്ത് നിന്നുണ്ടായ ഇത്തരം പ്രവർത്തികളുടെ അടിസ്ഥാനത്തിലും **KS&SSR പാർട്ട് II, റൂൾ 19 (a) (ii) പ്രകാരം ടിയാന്റെ പ്രൊബേഷൻ Terminate ചെയ്യുവാനും ടിയാനെ 06.02.2024 തീയതി മുതൽ സർക്കാർ സർവീസിൽ നിന്നും Discharge** ചെയ്യുവാനും താല്ക്കാലികമായി തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഈ ഉത്തരവിനെതിരെ ശ്രീ.അബ്ദുൽ ലത്തീഫ്, ക്ഷീര വികസന ഓഫീസർക്ക് എന്തെങ്കിലും പ്രതിവാദ പത്രിക ബോധിപ്പിക്കുവാനുണ്ടെങ്കിൽ ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത കാലാവധിക്കുള്ളിൽ പ്രതിവാദപത്രികകൾ ഒന്നും ലഭിക്കുന്നില്ല എങ്കിൽ, ഇക്കാര്യത്തിൽ ശ്രീ.അബ്ദുൽ ലത്തീഫിന്

I/170563/2024

യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ഈ താല്കാലികഉത്തരവ് സ്ഥിരപ്പെടുത്തുന്നതാണ്.

**ഡയറക്ടർ**

Signed by
Asif K Yusuf I A S
Date: 09-05-2024 11:22:59

To

**ശ്രീ. അബ്ദുല് ലത്തീഫ് വി**
**വടക്കയില് ഹൗസ്**
**കച്ചേരി. പി.ഒ**
**എടച്ചേരി**
**കോഴിക്കോട് 673502**

ഇമെയില്: latheef.abdulv@gmail.com

പകർപ്പ്:-
1) ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
2) ഇഎസ് 1 സീറ്റ്
3) ജോയിന്റ് ഡയറക്ടർമാർ (ജനറൽ, പ്ലാനിംഗ്)
4) ഡെപ്യൂട്ടി ഡയറക്ടർ IT (വെബ്സൈറ്റിൽ നൽകുന്നതിനായി)